# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

(Under the Holy Apostolic See of Antioch and All the East)

*General Secretary,*

**BABY MATHARA**
**VENGOLA P.O.,**
**PERUMBAVOOR**
**PIN - 683 554**
**PH: 0484 2657647**
**MOB. 9446357647**

**Website : www.mjssa.org**
**Email : mjssahq@gmail.com**

**Reg. No. ER/308/07**
**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308,**
**Kerala state,**
**Fax & Phone : 0484 - 2730150**
**21-01-2012**

വാർത്താകുറിപ്പ് - പ്രസിദ്ധീകരണത്തിന്

## എം.ജെ.എസ്.എസ്.എ.

## ജെ.എസ്.എസ്.എൽ.സി. , പ്ലസ്സ് ടൂ

## വാർഷീക പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു

മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ അഖിലേന്ത്യ അടിസ്ഥാനത്തിൽ നടത്തിയ പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ വാർഷിക പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. പത്താം ക്ലാസിൽ 87 % വിദ്യാർത്ഥികളും പ്ലസ് ടൂവിൽ 91 % വിദ്യാർത്ഥികളും വിജയിച്ചു.

പത്താം ക്ലാസ് പരീക്ഷയിൽ കാരിമറ്റം സെന്റ് മേരീസ് സൺഡേസ്കൂളിലെ ലിനു റോയ് 94 മാർക്കോടെ ഒന്നാം റാങ്കും, തൃശ്ശൂർ കണ്ണാറ സെന്റ് മേരീസ് സൺഡേസ്കൂളിലെ ജിറ്റിമോൾ സി.ജി. 92 മാർക്കോടെ രണ്ടാം റാങ്കും, അങ്കമാലി ആഴകം ഹെർമ്മോൻ സൺഡേസ്കൂളിലെ ഡിയോണകുഞ്ഞ് 91 മാർക്കോടെ മൂന്നാം റാങ്കും കരസ്ഥമാക്കി.

പ്ലസ് ടൂ പരീക്ഷയിൽ പന്തളം, മെഴുവേലി സെന്റ് ജോർജ്ജ് സൺഡേസ്കൂൾ വിദ്യാർത്ഥി ജിൻസി ജോസ് 94 മാർക്കോടെ ഒന്നാം റാങ്കും, മുരിക്കുംതൊട്ടി സെന്റ് ജോർജ്ജ് സൺഡേസ്കൂളിലെ മിന്നു ഗ്രേസ് രാജു 81 മാർക്കോടെ രണ്ടാം റാങ്കും രാജകുമാരി തൊട്ടിക്കാനം സെന്റ് ജോർജ്ജ് സൺഡേസ്കൂളിലെ ലിയ എൽദോസ് 80 മാർക്ക് വാങ്ങി മൂന്നാം റാങ്കും കരസ്ഥമാക്കി. വിവിധ ക്ലാസുകളിലായി 600 ഓളം സൺഡേസ്കൂളുകളിലെ എഴുപതിനായിരം വിദ്യാർത്ഥികളാണ് ഈ വർഷം വാർഷീക പരീക്ഷയെഴുതിയത്.

പുത്തൻകുരിശ് ഹെഡ്ക്വാർട്ടേഴ്സിൽ നടന്ന പത്രസമ്മേളനത്തിൽ പ്രസി ഡന്റ്, കുരിയാക്കോസ് മോർ ദീയസ്കോറോസ് മെത്രാപ്പോലീത്ത, വൈസ്പ്രസിഡന്റ് സാജു ചെറുവിള്ളിൽ കോർ എപ്പിസ്ക്കോപ്പ, ജനറൽ സെക്രട്ടറി ബേബി മാത്താറ, പരീക്ഷ കൺട്രോളർ പി.വി. ജേക്കബ്, സെക്രട്ടറിമാരായ ഡോ. ജോസ് ഡി. കൈപ്പിള്ളിൽ, കെ.എം. തമ്പി, പി.വി.ഏലിയാസ്, എം.ജെ. മർക്കോസ്, ഷെവ.കെ.വി.പൗലോസ്, ബേബി വർഗ്ഗീസ്, പി.ഐ. കുര്യാക്കോസ്, എം.പി. മാണി, ഫാ. ഷിബിൻ പോൾ, കെ.എസ്. വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

പി.വി. ജേക്കബ്
പരീക്ഷാ കൺട്രോളർ

ബേബി മാത്താറ
ജനറൽ സെക്രട്ടറി